ഓൾഡ് ഏജ് ഹോമുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

39 (3120) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾഡ് ഏജ് ഹോമുകളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടോ;

(ബി) ഒന്നിടവിട്ട ദിവസങ്ങളിൽ ഡോക്ടർമാർ ഇവിടെ സന്ദർശിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലും സഹകാര്യ ഉടമസ്ഥതയിലും ഉള്ള വൃദ്ധ സദനങ്ങൾക്ക് നടപ്പു സാമ്പത്തികവർഷത്തിൽ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള സംഭാവന എത്രയെന്നും ഇവയുടെ നടത്തിപ്പിലെ എസ്റ്റാബ്ലിഷ്മെന്റ് ടെലഫോൺ മുതലായ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള ചെലവെത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സമീപത്തെ/പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വൈദ്യ ശുശ്രൂഷ നൽകുന്നുണ്ട്.

(ബി) ഇത്തരം നിർദ്ദേശമൊന്നും തൽക്കാലം പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം ആനുകൂല്യം

40 (3121) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിയമനരീതിയും എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്കാണ് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വ്യവസ്ഥ ഉള്ളത്;

(സി) സർക്കാർ ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ശിശു വികസന സൂപ്പർവൈസർമാർക്കും സ്പെഷ്യൽ റൂൾസ് പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly